**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 959** **09-10-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ മലയോര മേഖലയിലെ വന്യജീവി സാന്നിധ്യം തടയുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ നിയോജകമണ്ഡലത്തിലെ മലയോര മേഖലയിൽ പുലി ഉൾപ്പെടെയുള്ള വന്യജീവികളുടെ സാന്നിധ്യം കാരണം ജനങ്ങൾ ഭീതിയിലാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇതു സംബന്ധിച്ച വിശദാംശം നല്കമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെന്മാറ ഡിവിഷൻ പരിധിയിൽ കൊല്ലങ്കോട് റെയിഞ്ചിൽ കൊല്ലങ്കോട് സെക്ഷനിൽ ചീരണിക്കാട് മലവാരത്തോട് ചേർന്ന് കൊശവൻകോട്, കാളികുളമ്പ് ഭാഗങ്ങളിലെ ജനവാസമേഖലകളിൽ പുലി സാന്നിദ്ധ്യം കണ്ടെത്തുകയും ആയതിനെത്തുടർന്ന് നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ പ്രകാരം ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുമുണ്ട് . ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഒഴിവാക്കുന്നതിന്റെ ഭാഗമായി പുലിയെ കൂടുവച്ച് പിടിക്കണമെന്ന് കൊല്ലങ്കോട് പഞ്ചായത്ത് പ്രസിഡന്റിന്റെ അഭ്യർത്ഥന മാനിച്ച് ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലത്ത് കൂട് സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് സി.സി.ടി.വി. ക്യാമറ സ്ഥാപിച്ച് നിരീക്ഷണം നടത്തുകയും സെക്ഷൻ സ്റ്റാഫും വാച്ചർമാരും പട്രോളിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | ജനങ്ങളുടെ ഭീതി അകറ്റുന്നതിനും വന്യമൃഗങ്ങൾ നാട്ടിൻ പുറത്തേക്ക് വരുന്നത് തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ജനങ്ങളുടെ ഭീതി അകറ്റുന്നതിനായി വനാതിർത്തികളിലിറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേക്ക് തിരിച്ചു വിടുവാൻ വാച്ചർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം മൂലം ജീവൻ, സ്വത്ത് എന്നിവയ്ക്ക് നാശനഷ്ടം സംഭവിച്ചതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരത്തുകവിതരണം ചെയ്തുവരുന്നുണ്ട്. നെന്മാറ ഡിവിഷന്റെ പരിധിയിൽവന്യമൃഗശല്യം കുറയ്ക്കുന്നതിന് സൌരോർജ്ജവേലി, സൌരോർജ്ജ തൂക്കുവേലി എന്നിവ നിർമ്മിക്കുകയും ആയതിന്റെ അറ്റകുറ്റപ്പണികൾ നടത്തിവരികയും ചെയ്യുന്നുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം.23/2024/വനം, തീയതി 31.05.2024 പ്രകാരം കൊല്ലങ്കോട് റെയിഞ്ചിൽ ഒരു ദ്രുതകർമ്മ സേന രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ഡിവിഷൻ തലത്തിൽ ഒരു Forest Division Emergency Operation Centre പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വന്യജീവികളുടെ ആവാസ വ്യവസ്ഥയുടെ ആരോഗ്യം വർദ്ധിപ്പിക്കാൻ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച് സർക്കാർ ഉത്തരവ് (കൈ) നം. 29/2021/വനം തീയതി 17/12/2021 പ്രകാരം നയരേഖ അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട് . പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കിലിഫോർമിസ്, അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വിദേശയിനം ഏകവിള തോട്ടങ്ങളും പരാജിതതേക്ക് തോട്ടങ്ങളും, അധിനിവേശ സസ്യങ്ങളും ഘട്ടംഘട്ടമായി നീക്കം ചെയ്ത് തദ്ദേശിയ ഇനത്തിൽപ്പെട്ട മരങ്ങളും ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിക്കുകയും അതുവഴി വനങ്ങളുടെ സ്വാഭാവികത പുനഃസ്ഥാപിക്കുക വഴി മനുഷ്യ-വന്യജീവി സംഘർഷം ഒരു പരിധിവരെ ലഘൂകരിക്കാനാവുമെന്ന് കരുതുന്നു. ഇതിന്റെ ഭാഗമായി 229.60 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ നടപ്പാക്കി വരുന്നുണ്ട്. കാട്ടിൽ ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ചെക്ക് ഡാം, കുളങ്ങൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ